പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **2844** 19/06/2014-ൽ മറുപടിയ്ക്ക്

ഇരിണാവ് പാലം നിർമ്മാണത്തിനു വേണ്ടി സ്ഥലമേറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യു ഉന്നതതല സമിതി അംഗീകാരം നൽകുകയും അതുപ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തുവെങ്കിലും സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടി നിന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) ഇരിണാവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 4(1) വിജ്ഞാപനം 11-02-2014-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പുതിയ ലാന്റ് അക്വിസിഷൻ ആക്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ 1894-ലെ പൊന്നുംവില നിയമമനുസരിച്ചുള്ള ലാന്റ് അക്വിസിഷൻ നടപടികൾ തുടരുന്നതിന് തടസ്സമുണ്ടായി. എന്നാൽ 4(1) വിജ്ഞാപനം പുറപ്പെടുവിച്ച കേസുകളിൽ പഴയ ആക്റ്റ് പ്രകാരം നടപടികൾ തുടരുന്നതിന് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർവ്വേ സബ് ഡിവിഷൻ ജോലികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്. |
| (ബി) സ്ഥലം എത്രയും വേഗം അളന്ന് തിട്ടപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ